**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2001** **01-09-2022 - ൽ മറുപടിയ്ക്ക്**

**വടകര മാഹി കനാൽ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടകര - മാഹി കനാൽ പ്രവൃത്തിയുടെ ഭാഗമായി രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലം പുനർനിർമിക്കുന്നത് ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തിയുടെ ഡി.പി .ആർ. തയ്യാറാക്കിയിട്ടുണ്ടോ; ടി പ്രവൃത്തി നിർദ്ദിഷ്ട കാലയളവിനുള്ളിൽ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ; | (എ) | കോട്ടപ്പള്ളി പാലത്തിനു വേണ്ടി ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് തയ്യാറാക്കി സമർപ്പിച്ച ഡി.പി.ആർ. പരിഷ്കരിച്ച് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലം അപ്രോച്ച് റോഡിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ അന്തിമഘട്ടത്തിലാണ്. സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാര വിതരണം നടന്നു വരുന്നു. |
| (ബി) | വടകര - മാഹി കനാലിന്റെ മൂന്നാം റീച്ചിലെ പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മൂന്നാം റീച്ചിൽ കനാൽ നിർമ്മിക്കുന്നതിന് എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) | ഉണ്ട്. മൂന്നാം റീച്ചിൽ LBS തയ്യാറാക്കിയ ഡിസൈന്റെ പ്രായോഗികതയും, സ്ഥലത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് കൂടുതൽ പ്രായോഗികമായതും ചെലവ് കുറഞ്ഞതുമായ മറ്റ് ഡിസൈന്റെ സാധ്യതയും പരിശോധിച്ച് വരുന്നു. |
| (സി) | വടകര - മാഹി കനാൽ പ്രവൃത്തിയുടെ മൂന്നാം റീച്ചിലെ ചെരിപ്പോയിൽ അക്വാഡക്ട് പുനർനിർമിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | ഉണ്ട്. ഇതിനായി മണ്ണ് പരിശോധന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തിയുടെ റീച്ച് അഞ്ചിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ ആണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | (ഡി) | അഞ്ചാം റീച്ചിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ ഭാഗമായി സ്ഥലത്തിന്റെ മൂല്യനിർണ്ണയ നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൊയിലാണ്ടി എൽ.എ. തഹസീൽദാർ മുഖേന നടന്നു വരുന്ന സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തികൾ മൂന്ന് മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | വടകര - മാഹി കനാൽ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുക്കുന്ന മണ്ണ് ഡിപ്പോസിറ്റ് ചെയ്യുന്നതിന് നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ? | (ഇ) | ഉണ്ട്. മണ്ണ് നിക്ഷേപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ സമീപ പ്രദേശങ്ങളിൽ ലഭ്യമല്ല. ഗുണനിലവാരം തീരെയില്ലാത്ത മണ്ണ് ആയതിനാൽ ലഭ്യമായ സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ ജനങ്ങൾ അനുവദിക്കാത്തതിനാൽ ജില്ലയിലെ പുറമ്പോക്ക് സ്ഥലങ്ങൾ കണ്ടെത്തി അനുമതി നൽകണമെന്ന് ജില്ലാ കളക്ടറോട് ചീഫ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലദൗർലഭ്യം കാരണമാണ് ഇക്കാര്യത്തിൽ നടപടികൾ വൈകുന്നത്. |

സെക്ഷൻ ഓഫീസർ